(ബി) ജി.ഒ.(പി) 199/2011 - 1-10-2011 എന്ന ഉത്തരവ് പ്രകാരം അധിക തസ്തികകളിൽ 2006 മുതൽ ചേർന്ന അദ്ധ്യാപകരെ അപ്പൻഡിക്സ് - 1 ൽ ഉൾപ്പെടുത്തി 1-6-2011 മുതൽ അംഗീകാരം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഈ പട്ടികയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുപ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങൾ

22(2873) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത അംഗീകാരമില്ലാത്ത എത്ര വിദ്യാലയങ്ങൾ ഉണ്ടായിരുന്നെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നമ്പർ 184/13/പൊ.വി. തീയതി 10-6-2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം (എൻ.ഒ.സി.) നൽകിയിട്ടുണ്ട്.

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly